LIBRARY ARCHIVES Kerala Legislative Assembly

ആനപ്പാറ പി. എച്ച്. സി.-യിൽ ഐ. പി. വിഭാഗം തുടങ്ങുന്നതിന് നടപടി

128 [5919] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം (ആനപ്പാറ) പി. എച്ച്. സി.-യിൽ രോഗികളെ കിടത്തി ചികിൽസിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഐ. പി. വിഭാഗം പ്രവർത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൗകര്യം തുടങ്ങാൻ ആവശ്യമായ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്നുമുതൽക്ക് ഈ പി. എച്ച്. സി.-യിൽ ഐ. പി. വിഭാഗം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവനക്കാരുടെ അപര്യാപ്തത മൂലമാണ് ഐ. പി. വിഭാഗം ഇവിടെ പ്രവർത്തിക്കാത്തത്.

(സി) ജില്ലയിലെ മറ്റുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമുള്ള ജീവനക്കാരെ പുനർവിന്യാസാടിസ്ഥാനത്തിൽ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ഡി) മറ്റു സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരെ പുനർവിന്യസിച്ചോ അതല്ലെങ്കിൽ അധിക തസ്തികകൾ സൃഷ്ടിച്ചോ ഐ. പി. വിഭാഗം തുടങ്ങാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

മേജർ ശസ്ത്രക്രിയകൾക്ക് വിവിധ മെഡിക്കൽ കോളേജ് ആശുപത്രികൾ ഈടാക്കിവരുന്ന ചികിൽസാ ചെലവ്

129 [5923] ശ്രീ. എ. സുജനപാൽ:
,, ടി. യു. രാധാകൃഷ്ണൻ:
,, വർക്കല കഹാർ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജ്, സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ ആശുപത്രികളിൽ വിവിധ മേജർ ശസ്ത്രക്രിയ കൾക്ക് എന്ത് തുക വീതമാണ് രോഗികളിൽനിന്നും ഈടാക്കുന്നത്;

(ബി) മുകളിൽപ്പറഞ്ഞ ഓരോ ഗണത്തിലുംപെട്ട ആശുപത്രികളിൽ സൗജന്യ ചികിൽസ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര തുകവരെ മാസവരുമാനമുള്ളവർക്കാണ് പ്രസ്തുത സൗജന്യ ചികിൽസ നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൗജന്യ ചികിൽസ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവരുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രതിമാസം 1500 രൂപവരെ വരുമാനമുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിൽസ ലഭ്യമാണ്.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് മെഡിക്കൽ കോളേജാശുപത്രിയിലെ ബെഡ്ഡുകൾ

130 [5926] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, ഇ. എം. അഗസ്തി:
,, എൻ. ശക്തൻ:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ച് ഒരോ മെഡിക്കൽ കോളേജാശുപത്രിയിലും എത്ര ബെഡ്ഡുകളാണ് സജ്ജീകരിക്കേണ്ടത്;

(ബി) ഈ ബെഡ്ഡുകളിൽ എത്ര ശതമാനത്തിൽ രോഗികളുണ്ടായിരിക്കണമെന്നാണ് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്തുള്ള സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ബെഡ്ഡുകളിൽ ഇത്രയും രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തുന്നതിന് എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നൂറ് (100) അഡ്മിഷൻ ഉള്ള മെഡിക്കൽ കോളേജുകളിൽ അഞ്ഞൂറ് (500) കിടക്കകളും നൂറ്റമ്പത് (150) അഡ്മിഷനുള്ള മെഡിക്കൽ കോളേജിൽ എഴുന്നൂറ്റമ്പത് (750) കിടക്കകളും ഇരുന്നൂറ് (200) അഡ്മിഷനുള്ള മെഡിക്കൽ കോളേജിൽ ആയിരം (1000) കിടക്കകളും സജ്ജീകരിക്കേണ്ടതാണ്.

(ബി) 80% ബെഡ്ഡുകളിൽ രോഗികൾ ഉണ്ടായിരിക്കണമെന്നാണ് മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly